# വിശുദ്ധ കൊച്ചുത്രേസ്യയെപ്പോലെ നമുക്കും മിഷനറിമാരാകാം



ലിസ്യുവിലെ കന്യാസ്ത്രീ മഠത്തിന്റെ നാല് ചുമരുകൾക്കുള്ളിൽ വി. കൊച്ചുത്രേസ്യലോക മിഷനറിമാരുടെ മദ്ധ്യസ്ഥയായതുപോലെ നമുക്കും നാമായിരിക്കുന്ന അവസ്ഥയിൽ ഇന്ത്യയ്ക്കുവേണ്ടി ദിവസവും ജപമാല ചൊല്ലി നമുക്കും ഒരു മിഷനറിയാകാം. പരി. കന്യാകമറിയം ലോകത്തിനു നൽകിയ സന്ദേശങ്ങൾ പാപികളുടെയും രാജ്യങ്ങളുടെയും മാനസാന്തരത്തിനുവേണ്ടിയും ലോക സമാധാനത്തിനുവേണ്ടിയുമായിരുന്നു.

* 1846-ൽ മാതാവ് ലാസലേറ്റയിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞു. മനുഷ്യന്റെ പാപം തന്റെ മകന്റെ ശരീരത്തിൽ തുളച്ച് കയറുന്ന ആണികളാണ്. ഈ ആണികൾ പറിച്ചുകളയാനും ലോകത്തിന്റെ മേൽ ആസന്നമായ ശിക്ഷാവിധികൾ എടുത്തുമാറ്റാനും നിങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുക.

* 1858-ൽ ഫ്രാൻസിലെ ലൂർദ്ദിൽ ബർണഡീത്തയ്ക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ നൽകിയ സന്ദേശം ഇപ്രകാരമായിരുന്നു. 'പാപികളുടെ മാനസാന്തരത്തിനുവേണ്ടി നിരന്തരം ജപമാല ചൊല്ലി പ്രാർത്ഥിക്കുക'.

* 1917-ൽ പോർച്ചുഗലിലെ ഫാത്തിമായിൽ ലൂസി, ജസീന്ത, ഫ്രാൻസീസ് എന്നീ മൂന്ന് കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട് മാതാവ് ഇപ്രകാരം പറഞ്ഞു. 'റഷ്യയുടെ മാനസാന്തരത്തിനുവേണ്ടി തന്റെ വിമലഹൃദയത്തിന് റഷ്യയെ പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയെന്ന്.' സഭ മുഴുവനും റഷ്യയ്ക്ക് വേണ്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി റഷ്യയിലെ നിരീശ്വരവാദം അവസാനിക്കുകയും ദൈവവിശ്വാസം ആരംഭിക്കുകയും ചെയ്തു. ഇവിടെയും സഭാമക്കളുടെ പ്രാർത്ഥന ജപമാലയിലൂടെയായിരുന്നു.

സർവ്വ മക്കളും മാതാവിന്റെ സന്ദേശങ്ങൾ ഉൾക്കൊണ്ട് നിരന്തരം ജപമാലയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ രാജ്യങ്ങളും വ്യക്തികളും മാനസാന്തരപ്പെടുകയും ധാരാളം ആത്മാക്കൾ നരകത്തിൽ വീഴാതെ രക്ഷിക്കപ്പെടുകയും ചെയ്യും. ഇന്നും മാതാവ് നൽകുന്ന സന്ദേശം ജപമാലയർപ്പിച്ച് പ്രാർത്ഥിക്കാനാണ്. ഇന്ത്യയ്ക്ക് വേണ്ടി നാം ജപമാലയർപ്പിച്ച് പ്രാർത്ഥിക്കുമ്പോൾ മാനസാന്തരങ്ങളുണ്ടാകും യേശുവിന് വേണ്ടി അടഞ്ഞ വാതിലുകൾ തുറക്കപ്പെടും. നമുക്കും ജപമാലയിലൂടെ വി. കൊച്ചുത്രേസ്യയെപിന്തുടർന്ന് കൊച്ചു മിഷനറിമാരാകാം.

*ഐ.എഫ്.ഐ, തൃശൂർ*

# മറിയത്തോടൊപ്പം ചേർന്നു നിൽക്കുവിൻ



മറിയത്തെ ആദരിക്കുന്ന ഏറ്റവും മികച്ച ഭക്തി ജപമാല ഭക്തിയാണ്. ഒന്നിച്ചു ജപമാല ചൊല്ലുന്ന കുടുംബം നിലനിൽക്കുമെന്ന് ഫാ. പാട്രിക് കെയ്റ്റനും അഹറോന്റെ പുഷ്പിച്ച ദണ്ഡിന്റെ സൗരഭ്യം പോലെ ജപമാല മണികൾ സുഗന്ധം പരുത്തുന്നുവെന്ന് വിശുദ്ധ ബെർണാഡും പറഞ്ഞിരിക്കുന്നു. എങ്ങിനെ പ്രാർത്ഥിക്കണമെന്നതിന്റെ ഉത്തമ മാതൃക മറിയം തന്നെയാണ്. ലോകം മുഴുവൻ തിന്മയുടെ കരാള ഹസ്തങ്ങളിൽ പെട്ട് ഉഴറുമ്പോൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് ജപമാല കൈകളിലേന്തി തിന്മ ഇല്ലാതാക്കാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഫാ. ജോബി കാട്ടാശ്ശേരി,
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്, കോട്ടപ്പുറം രൂപത.



ഗാഗുൽത്താ ധ്യനകേന്ദ്രം ഡയറക്ടർ, ഫാ. ബെന്നി പീറ്റർ വെട്ടിക്കനാകുടി പുതിയ ഓഫീസ് മന്ദിരത്തിന്റെ ആശീർവ്വാദത്തോടനുബന്ധിച്ച് പ്രാർത്ഥിക്കുന്നു.




# ലോകം മുഴുവൻ ഒന്നിക്കുന്നത് പ്രാർത്ഥനയിൽ; മോൺ. ഫ്രാൻസിസ് ഡഫി USA

വടക്കാഞ്ചേരി : ലോകം മുഴുൻ ഒന്നിക്കുന്നത് പ്രാർത്ഥനയിലാണെന്നും പ്രാർത്ഥനയിലൂടെ ഏവരും സഹോദരങ്ങളായി മാറുകയാണെന്നും അമേരിക്കയിലെ ന്യൂജേഴ്സി പാറ്റേഴ്സൺ രൂപതയിൽ നിന്നെത്തിയ മോൺ ഫാൻസീസ് ഡഫി പറഞ്ഞു. ഇന്ത്യയ്ക്കുവേണ്ടി ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ വടക്കാഞ്ചേരി പ്രാർത്ഥനാലയം സന്ദർശിക്കവെ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ കുടുംബങ്ങൾക്കുവേണ്ടി ദിവസവും ഒരു ജപമാല ചൊല്ലി പ്രാർത്ഥിക്കുമെന്ന് അദ്ദേഹം വാദ്ഗാനം ചെയ്തു. ഈ ജപമാലയിലൂടെ ഐ.എഫ്.ഐയുടെ ഭാഗമാകാൻ കഴിഞ്ഞതിന് നന്ദിരേഖപ്പെടുത്തിയാണ് അദ്ദേഹം മടങ്ങിയത്. 2012 മെയ് 12 ന് മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഉദ്ഘാടനം ചെയ്ത് ആരംഭിച്ചതാണ് വടക്കാഞ്ചേരി ഫൊറോന പള്ളിയോട് ചേർന്നുപ്രവർത്തിക്കുന്ന ഈയൂണിറ്റ്.

## ആശംസകൾ



ജപമാലയുടെ ഉള്ളടക്കമെന്താണ്? യേശുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട രക്ഷാകര സംഭവങ്ങളുടെ അനുസ്മരണമാണ് ജപമാല. ഈ ഭക്തകൃത്യം നമ്മെ വിശുദ്ധീകരിക്കും. ജപമാല ഭക്തരെ സ്നേഹത്തിൽ ഒന്ന് ചേർക്കും. നമ്മെ പ്രാർത്ഥനാ ചൈതന്യത്തിൽ നിലനിൽ ക്കാൻ സഹായിക്കും. ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേർന്നുകൊണ്ട്

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
**അതിരൂപത മദ്ധ്യവിരുദ്ധ സമിതി ഡയറക്ടർ**



പരിശുദ്ധ അമ്മയുടെ ജീവിതമാണ് ദൈവത്തിന് ഏറ്റവും പ്രീതിയുള്ള ജീവിതം. ആ ജീവിതത്തിലൂടെയുള്ള ധന്യമായ യാത്രയാണ് ജപമാല സമർപ്പണം ദൈവത്തിന്റെ തിരുഹിതത്തിന് ഇത്ര മാത്രം സ്വയം സമർപ്പണം ചെയ്തു ഒരു മനുഷ്യ വ്യക്തി വേറെയില്ല. ദുഃഖങ്ങളും, സന്തോഷങ്ങളും, ജീവിതത്തിന്റെ മഹത്വത്തിലേയ്ക്കുള്ള ചവിട്ടുപടികളാക്കിയ പരിശുദ്ധ അമ്മ. ആ അമ്മയുടെ മാദ്ധ്യസ്ഥം തേടുക ഒരു മനുഷ്യവ്യക്തിയുടെ മഹത്ത്വരമായ ഭാഗ്യമാണ്. തന്റെ ചിത്തം എന്നും ദൈവത്തിൽ ആനന്ദിക്കുന്നു എന്ന് പറയുന്ന അമ്മ മനുഷ്യജീവിതത്തിന്റെ യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം ദൈവചിന്തയാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ഭൗതികത നിറഞ്ഞ നമ്മുടെ മനസ്സിന് ദൈവീകത നിറഞ്ഞ നന്മയുടെ പ്രതീകമായ അമ്മയുടെ സന്തോഷം എങ്ങനെ തിരിച്ചറിയും.

ജപമാലയിലൂടെ അമ്മയുടെ ജീവിതത്തെ ധ്യാനിക്കുമ്പോൾ ആ നിർമ്മല ദർപ്പണത്തിൻ നോക്കി സ്വയം വിലയിരുത്താൻ നമ്മുക്ക് സാധിക്കട്ടെ!. എല്ലാ ആശംസകളും നേരുന്നു.


**ഫാദർ ഡേവിസ് ചിറമ്മൽ**
ചെയർമാൻ, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ



മാതാവിന്റെ കണ്ണുകളിലൂടെ യേശുവിനെ ധ്യാനിക്കുന്നതാണ്. യഥാർത്ഥമായ മരിയഭക്തി. പാപത്തെ കഴുകിക്കളഞ്ഞ് ആത്മാവിനെ വിശുദ്ധീകരിച്ച് പുണ്യത്തിൽ വളരാൻ ജപമാല ഭക്തി സഹായിക്കും. യേശുവിനെ കുറിച്ചുള്ള സമ്പൂർണ്ണ അറിവാണ് ജപമാലഭക്തി സമ്മാനിക്കുന്നത്. ക്രിസ്തുവിനെ പൂർണ്ണമായി അറിയാൻ, ആർദ്രമായി സ്നേഹിക്കാൻ, വിശ്വസ്തയോടെ പിൻതുടരാൻ സഹായിക്കുന്നതാണ് ജപമാലഭക്തി. ഇന്ത്യക്കു വേണ്ടി ഒരു ദിവസം ഒരു ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ദൈവാനുഗ്രഹമാണ്. കഴുത്തിൽ ധരിക്കുമ്പോൾ ആഭരണവും കൈയ്യിലെടുക്കുമ്പോൾ ആയുധവുമാണ് ജപമാല. ഇന്ത്യക്കുവേണ്ടി ജപമാല ചൊല്ലുമ്പോൾ കൃപയുടെ വഴി ദൈവം നമുക്കു തുറന്നുതരും. കാരണം കൃപയുടെ താക്കോലാണ് ജപമാല.

'സ്നേഹമാകുന്ന കനകം ഹൃദയത്തിലും പ്രാർത്ഥനയാകുന്ന കുന്തിരിക്കം ആത്മാവിലും സഹനമാകുന്ന മീറ ശരീരത്തിലും' ഏറ്റുവാങ്ങിയ പരിശുദ്ധ അമ്മയോടുള്ള ഈ മാദ്ധ്യസ്ഥ പ്രാർത്ഥന കുടുംബങ്ങൾക്കും ഇൻഡ്യ രാജ്യത്തിനും ഒരനുഗ്രഹമാകട്ടെ. എല്ലാവിധ ദൈവാനുഗ്രഹങ്ങളും ഈ സദ്ഉദ്യമത്തിലൂടെ സഭയിലും സമൂഹത്തിലും സംഭവിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**ഫാ. ഡേവിസ് പട്ടത്ത് CMI**
ഡയറക്ടർ, ജറുസലെം ധ്യാനകേന്ദ്രം, തലോർ



"ദൈവത്തിന്റെ കരുണ ആവശ്യമുണ്ട്
എന്ന തോന്നലില്ലാത്തവർ
വി. കുർബ്ബാനയ്ക്ക്
പോകാതിരിക്കുന്നതാണ് നല്ലത് "

- *ഫ്രാൻസിസ് പാപ്പാ*

www.marpapa.com



കണ്ണൂർ പയ്യാവൂർ സെന്റ് ആൻസ് പള്ളിയിൽ നടന്ന IFI ഏകദിന കൺവെൻഷൻ മോൺ. മാത്യു എം. ചാലിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ.സുനി പടിഞ്ഞാറേക്കര, ജോർജ്ജ് പാലാക്കുഴി തുടങ്ങിയവർ സമീപം.

**IFI യുടെ ജീവകാരുണ്യ പ്രവർത്തനമായ തെരുവുകളിലെ ഭക്ഷണ വിതരണം.**



ഞായറാഴ്ചകൾ ഒഴികെ മുഴുവൻ ദിവസങ്ങളിലും തൃശ്ശൂർ ടൗണിന്റെ വിവിധ ഭാഗങ്ങളിൽ 70-ൽ അധികംപേർക്ക് ഭക്ഷണപൊതികൾ വിതരണം ചെയ്യുന്ന പ്രവർത്തനമാണിത്. 2014 ജനുവരി മുതൽ ആരംഭിച്ചു. കേന്ദ്രസമിതി അംഗങ്ങളായ സോണി ചേന്നങ്കേരി, സണ്ണി കൊള്ളന്നൂർ എന്നിവർ നേതൃത്വം നൽകുന്നു.

# സർവ്വജനപദങ്ങളുടെയും നാഥ

ക്രിസ്തുനാഥാ, നിത്യപിതാവിന്റെ പുത്രാ,
അങ്ങയുടെ അരൂപിയെ
ഇപ്പോൾ ഭൂമിയിലേക്കയക്കണമെ.
എല്ലാ ജനപദങ്ങളുടെയും ഹൃദയത്തിൽ
പരിശുദ്ധാത്മാവ് വസിക്കട്ടെ!
അതുവഴി ധാർമ്മിക അധഃപതനം, ദുരന്തങ്ങൾ, യുദ്ധം
ആദിയായവയിൽ നിന്നും അവർ സംരക്ഷിക്കപ്പെടട്ടെ.
സർവ്വ ജനപദങ്ങളുടെയും നാഥയായ
പരിശുദ്ധ കന്യകാമറിയം
നമ്മുടെ അഭിഭാഷകയായിരിക്കട്ടെ, ആമ്മേൻ.



വിയ്യൂരിൽ പുതിയ ഓഫീസ് മന്ദിരത്തിന്റെ ആശീർവ്വാദവും



വിയ്യൂർ പള്ളിയിൽ IFI നടത്തിയ ഏകദിന ധ്യാനത്തിൽ നിന്ന്